പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2808 10.7.2015 ൽ മറുപടിയ്ക്ക്

## വികലാംഗർക്ക് സഹായ ഉപകരണങ്ങൾ

ചോദ്യം

ശ്രീ.പി.ടി.എ.റഹീം

മറുപടി

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വികലാംഗർക്ക് സഹായക ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോയെന്ന് വിശദമാക്കാമോ ; | (എ)വികലാംഗർക്ക് സഹായക ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതി സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന മുച്ചക്ര സൈക്കിൾ, മുച്ചക്ര മോട്ടോർ സൈക്കിൾ, വീൽ ചെയർ, സി.പി.ചെയർ, റൊളേറ്റർ, ക്രച്ചസ്, കേൾവിസഹായി, വാക്കർ, വാക്കിംഗ് സ്റ്റിക്, ട്രൈപോഡ്, കൊളോസ്റ്റമി ബാഗ്, ലിംബ് കാലിപ്പർ മുതലായ സഹായക ഉപകരണങ്ങൾ നൽകുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ത്രിതല പഞ്ചായത്തുകൾ മുഖേനയും ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) വികലാംഗർക്ക് മുച്ചക്ര മോട്ടോർ സൈക്കിളുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി)സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, ത്രിതല പഞ്ചായത്തുകൾ എന്നിവ മുഖേന വികലാംഗർക്ക് മുച്ചക്ര മോട്ടോർ സൈക്കിളുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന 181 പേർക്ക് മുച്ചക്ര സ്കൂട്ടർ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ